# ഇതാ ഒരു മൂവാണ്ടൻ മാന്തോട്ടം

Mathrubhumi-30/05/2018\P-06

**സിറാജുദ്ദീൻ പന്നിക്കോട്ടൂർ**

**മാ**റ്റങ്ങളാക്കൊപ്പം നിൽക്കുന്നില്ലെങ്കിൽ നിലനിൽപ്പുതന്നെ പ്രതിസന്ധിയിലാവുമെന്നറിഞ്ഞാണ് കോഴിക്കോട് കോടഞ്ചേരിയിൽ കോനുകുന്നേൽ ഷാജു എന്ന തോമസ് മാത്യു മൂവാണ്ടൻ മാവിൻതോട്ടം വെച്ചുപിടിപ്പിച്ചത്. അഞ്ചേക്കർ സ്ഥലത്ത് അഞ്ഞൂറ് മാവുകളിലാണ് ഇപ്പോൾ വിളവെടുപ്പ് നടത്തിവരുന്നത്.

റബ്ബറിന്റെ വിലക്കുറവുമൂലം ഈ മേഖലയിൽ പ്രതിസന്ധി തുടങ്ങിയപ്പോൾ റബ്ബർ മരങ്ങൾ പിഴുതുമാറ്റിയാണ് മാന്തോട്ടം ഒരുക്കിയത്. ശേഖരിച്ച വിത്തുകൾ മുളപ്പിച്ച് തൈകളാക്കലായിരുന്നു ആദ്യത്തെ പ്രവർത്തനം. മാങ്ങയണ്ടിയിലുള്ള വണ്ടുകളെ കീടനാശിനി ഉപയോഗിച്ച് നശിപ്പിച്ച് അറക്കപ്പൊടിയിൽ പാവി മുളപ്പിച്ചു. ഒന്നിൽക്കൂടുതൽ മുളകളുള്ളവയിൽ കരുത്തുറ്റ ഓരോന്നു മാത്രം നിലനിർത്തി. മൂന്നുനാല് തട്ട് ഇലകളായപ്പോൾ പോളിത്തീൻ കവറിലേക്ക് മാറ്റി. ചാണകപ്പൊടിയും മണ്ണും കലർത്തിയതാണ് പോട്ടിങ് മിശ്രിതമായി ഉപയോഗിച്ചത്. മഴക്കാലത്തിനുമുൻപായി ഒരടി ആഴമുള്ള കുഴികളിൽ എല്ലുപൊടി, ചാണകപ്പൊടി എന്നിവ അടിവളമായി ഉപയോഗിച്ച് തൈകൾ നട്ടു. ഇടവിളയായി ഏത്തവാഴയും വളർത്തിവരുന്നു. വാഴസ്ഥ് കോഴിവളം വിതറുന്നതിനാൽ മാവിന് ഇപ്പോൾ പ്രത്യേകം വളപ്രയോഗം ഇല്ല.

ഉയരംകുറഞ്ഞ മാവുകളായതിനാൽ വിളവെടുപ്പിനും തൊഴിലാളികളെ കൂലികൊടുത്ത് വിളിക്കേണ്ടതില്ല.



▶ ഷാജു തന്റെ മൂവാണ്ടൻ മാവിൻതോട്ടത്തിൽ

മൂപ്പെത്തുന്നതിനുമുൻപ് വിളവെടുപ്പ് നടത്തുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. കറി, അച്ചാർ, ഉപ്പിലിടൽ എന്നീ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാണ് ആവശ്യക്കാരേറെയെന്ന് ഷാജു പറയുന്നു. പൂർണമായും മൂപ്പെത്തി പഴുപ്പിക്കുന്നതിന് രുചികുറവായതിനാലും പഴുക്കുന്നവയിൽ ഏറെയും പുഴുശല്യംമൂലം നശിച്ചുപോവുന്നതിനാലുമാണ് പച്ചയായിത്തന്നെ വിളവെടുക്കുന്നത്. സമീപ അങ്ങാടികളായ കോടഞ്ചേരി, അടിവാരം, ഈങ്ങാപ്പുഴ തുടങ്ങിയവിടങ്ങളിലെ പച്ചക്കറിക്കടകളിലൂടെയാണ് വിപണി കണ്ടെത്തുന്നത്.

പാട്ടത്തിന് സ്ഥലമെടുത്ത് പ്രതിവർഷം രണ്ടായിരം ഏത്തവാഴയും വിവിധതരം പച്ചക്കറികളും ഇഞ്ചിയും മഞ്ഞളുമെല്ലാം കൃഷി ചെയ്ത് മികച്ച വരുമാനം നേടുന്നു. (ഫോൺ: 9645688868)

**കാർഷികരംഗം**

## കൂടുതൽ കൃഷിവാർത്തകൾക്ക്

www.mathrubhumi.com/agriculture

**കാർഷിക രംഗത്തിലേക്കുള്ള കുറിപ്പുകൾ അയക്കേണ്ട വിലാസം:**
**പത്രാധിപർ, കാർഷികരംഗം, മാതൃഭൂമി, കെ.പി. കേശവമേനോൻ റോഡ്, കോഴിക്കോട്-673001, e-mail: karshikam@mpp.co.in**